എസ്. ഇ (3) 1106/22

കാർഷിക വികസന കർഷക ക്ഷേമ
വകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി 14.12.2022.

കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടർ

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

സർ,

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിൽ ജീവനക്കാരെ പുനർവിന്യസിച്ച ഉത്തരവ് - സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച്

സൂചന :- 1. ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ് തീയതി 13.12.2022.

ഉപരി സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 1- ഉത്തരവ് പ്രകാരം വകുപ്പിലെ അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലെ ജീവനക്കാരെ വിവിധ കൃഷി ഭവനുകളിൽ ഓൺലൈൻ മുഖേന ക്രമീകരിച്ച് നിയമിച്ച് കൊണ്ടുള്ള ഉത്തരവ് പ്രസിദ്ധീകരിച്ചിരുന്നു . കൃഷി അസിസ്റ്റന്റ് തസ്തികയിൽ ജീവനക്കാരുടെ അന്തിമ സ്ഥലമാറ്റ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്ത സാഹചര്യത്തിൽ സൂചന ഉത്തരവിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് കൃഷി ഓഫീസർമാർ നിർദിഷ്ട സ്റ്റേഷനുകളിൽ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് , ജില്ലയിൽ നിലവിലുള്ള കൃഷി അസ്സിസ്റ്റന്റമാരുടെ സേവനം ജില്ലയ്ക്കുള്ളിൽ ക്രമീകരിക്കുന്നതിനുള്ള (special duty) നടപടികൾ അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ സ്വീകരിക്കേണ്ടതാണ് . കൃഷി അസിസ്റ്റന്റ് തസ്തികയിലെ സംസ്ഥാന തലത്തിലെ ആകെ അംഗീകൃത എണ്ണം അധികരിക്കാത്തതിനാൽ ഇപ്രകാരം പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് ക്രമീകരണം നടത്താവുന്നതാണ് . **മേൽ ക്രമീകരണം കൃഷി അസിസ്റ്റന്റ് തസ്തികയിലെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ മാത്രം തുടരേണ്ടതാണ് .**

വിശ്വസ്തതയോടെ

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടർ

website